"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മലപ്പുറം താനൂർ നഗരസഭയിൽ വാഴക്കാത്തെരുവ് എന്ന സ്ഥലത്ത് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിലെ ക്രമക്കേടുകൾ - വിജിലൻസ് & ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന - കുറ്റാരോപിതയ്ക്കെതിരെ അച്ചടക്കനടപടി - 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരമുള്ള ഔപചാരിക അന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1346/2026/LSGD തീയതി,തിരുവനന്തപുരം, 24-07-2026

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.06.2023-ലെ E15-(SC-16/23/MPM) 29287/2022/DVACB നമ്പർ കത്തും അനുബന്ധ റിപ്പോർട്ടും
2. 14.09.2023-ലെ EWA2/55/2023-LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ബിന്ദു കെ.കെ. 05.08.2024 തീയതിയായി സമർപ്പിച്ച പ്രതിവാദപത്രിക

**<u>ഉത്തരവ്</u>**

മലപ്പുറം താനൂർ നഗരസഭയിൽ വാഴക്കാത്തെരുവ് എന്ന സ്ഥലത്ത് കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിൽ ക്രമക്കേടുകൾ ആരോപിച്ചുകൊണ്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ 13.03.2023-ൽ SC16/2023/MPM നമ്പരായി വിജിലൻസ് ഒരു മിന്നൽ പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് വിജിലൻസ് ഡയറക്ടർ വിജിലൻസ് വകുപ്പ് മുഖേന പരാമർശം 1 പ്രകാരം ലഭ്യമാക്കി. വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും വിജിലൻസ് ശിപാർശയുടെയും അടിസ്ഥാനത്തിൽ, ക്രമക്കേടുകൾക്ക് ഉത്തരവാദിയായി വിജിലൻസ് കണ്ടെത്തിയ, താനൂർ നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ബിന്ദു കെ.കെ.(PEN-637184)-ക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 കുറ്റപത്രം നൽകി. കുറ്റങ്ങൾ നിഷേധിച്ചുകൊണ്ട് കുറ്റാരോപിത പരാമർശം 3 പ്രതിവാദപത്രിക ലഭ്യമാക്കിയിട്ടുണ്ട്.

2. അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി ബിന്ദു കെ.കെ.(PEN-637184)-ക്കെതിരെ സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിലെ നടപടിക്രമങ്ങളുടെ ഭാഗമായി, 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി മങ്കട ബ്ളോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. പി. മുരളീധരൻ (PEN-442293)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

**3. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ, Manual for Disciplinary Proceedings എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം / കുറ്റാരോപണപത്രികയിൽ ആരോപിച്ചിട്ടുള്ള കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് ആധാരമായ രേഖകളും വാദിഭാഗം, പ്രതിഭാഗം, സാക്ഷിമൊഴികൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഒരു ഔപചാരിക അന്വേഷണ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥൻ 45 ദിവസങ്ങൾക്കകം സമർപ്പിക്കേണ്ടതാണ്.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ. പി. മുരളീധരൻ (PEN-442293), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മങ്കട ബ്ളോക്ക് പഞ്ചായത്ത്, മലപ്പുറം
2. ശ്രീമതി ബിന്ദു കെ.കെ. (PEN-637184), മുൻ അസിസ്റ്റന്റ് എഞ്ചിനിയർ, താനൂർ നഗരസഭ, മലപ്പുറം

   **(1, 2 ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം **(ഉത്തരവ് പ്രകാരമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി)**
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള, കോഴിക്കോട്
5. സ്റ്റോക്ക് ഫയൽ (EWA2/55/2023-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Dileep D
Date: 24-07-2026
10:34:12
സെക്ഷൻ ഓഫീസർ